# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3983** **25.06.2018-ൽ മറുപടിയ്ക്ക്**

## ശുഭയാത്ര പദ്ധതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ശുഭയാത്ര പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്ലാൻഫണ്ട്, തദ്ദേശസ്ഥാപനങ്ങൾ, മറ്റിതര സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമ നിധി ബോർഡുകൾ എന്നിവയുടെ സിഎസ്ആർ ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് ചലനവൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയാണ് "ശുഭയാത്ര". ടി പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ, ഇലക്ട്രോണിക് വീൽചെയർ എന്നിവ സൗജന്യമായി വിതരണം നടത്തിവരുന്നു. 280 പട്ടികജാതിക്കാരായ ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യമായി വിതരണം നടത്തുന്നതിനായി ഭരണച്ചെലവ് ഉൾപ്പെടെ 2 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ ഏതെല്ലാം ജില്ലകളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ; | (ബി) | ശുഭയാത്ര പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിൽപ്പെട്ട 183 ഗുണഭോക്താക്കൾക്ക് ജില്ലാടിസ്ഥാനത്തിൽ മുച്ചക്ര വാഹനം വിതരണം നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| മലപ്പുറം | 13 |
| തിരുവനന്തപുരം | 85 |
| പത്തനംതിട്ട | 9 |
| കൊല്ലം | 18 |
| ആലപ്പുഴ | 6 |
| പാലക്കാട് | 18 |
| തൃശ്ശൂർ | 16 |
| കോഴിക്കോട് | 16 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>എറണാകുളം</td><td>1</td></tr>
<tr><td>ഇടുക്കി</td><td>1</td></tr>
<tr><td>ആകെ</td><td>183</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് കൂടി ആനുകൂല്യം നൽകുന്നതിന് ലക്ഷ്യമിടുന്നു എന്ന് വ്യക്തമാക്കുമോ?</td><td>(സി)</td><td>പട്ടികജാതി വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച 280 സ്കൂട്ടറാണ് വിതരണത്തിനായി അനുവദിച്ചിരുന്നത്. ഇതിൽ 183 സ്കൂട്ടർ വിതരണം നടത്തുകയും, ജൂലായ് 2 ന് കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിലെ 5 പേർക്കും, ജൂലായ് 5 ന് മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 10 പേർക്കും കൂടി വിതരണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തീയായിട്ടുണ്ട്. 82 പേർക്ക് കൂടി ഇതിന്റെ ആനുകൂല്യം നൽകാനായി അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷാഫോറം (www.hpwc.kerala.gov.in) എന്ന വിലാസത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**